(സി) നീണ്ടകരപ്പാലം പുതുക്കിപ്പണിയുമ്പോൾ അതിനു മുകളിൽക്കൂടി പൈപ്പുലൈൻ ഇടുന്നതിനും കേടുപാടുകൾവരുന്ന പൈപ്പുകൾ നീക്കം ചെയ്യുന്ന സ്ഥലത്തു് പുതിയ പൈപ്പുകൾ ഇടുന്നതിനും ഉദ്ദേശിച്ചാണു് അവ റോഡരുകിൽ ഇട്ടിരിക്കുന്നതു്.

പാലംപണി.

* 230. [21] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-65 സാമ്പത്തികവർഷത്തിൽ പുതുതായി ഏതു പാലം പണിയുന്നതിനു് ഉദ്ദേശമുണ്ടു് ;

(ബി) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലുള്ളതും, ഗതാഗതയോഗ്യമല്ലാത്തതുമായ ചന്തത്തോട് പാലം നന്നാക്കുന്നതിനു് നടപടി നടത്താത്തതു് എന്തുകൊണ്ടാണു് ; ടി റോഡിലുള്ള ഏതെങ്കിലും പാലംപണി ആരംഭിക്കുവാൻ നടപടി നടത്തുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) തീരുമാനമായിട്ടില്ല.

(ബി) ഈ റോഡിലുള്ളതും ഗതാഗതയോഗ്യമല്ലാത്തതുമായ ചന്തത്തോട്പാലം നന്നാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഈ റോഡിലുള്ള മറ്റു മൂന്നു പാലങ്ങൾ പണിയുന്നതിനു് തയ്യാറാക്കിയിരുന്ന ഡിസൈനുകൾ ആ പ്രദേശത്തേക്കു് പറ്റിയതല്ലെന്നു കണ്ടതുകൊണ്ടു് അവ പുതുക്കുന്നതിനും അതനുസരിച്ചുള്ള എസ്റ്റിമേറ്റു തയ്യാറാക്കുന്നതിനും വേണ്ട നടപടികൾ എടുത്തുവരുന്നു.

ആലപ്പുഴ ജില്ലയിലെ പാക്കേജ് സ്കീം

* 231. [22] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) (1) ആലപ്പുഴ ജില്ലയിൽ പാക്കേജ് സ്കീമിൽ എത്ര ഏക്കർ നെൽപ്പാടങ്ങൾ ഉൾക്കൊള്ളിച്ചു് ആനുകൂല്യങ്ങൾ നൽകുന്നുണ്ടു് ;

(2) ഏതെല്ലാം വില്ലേജുകളിലാണു് ഈ പാടങ്ങൾ സ്ഥിതി ചെയ്യുന്നതു് ; എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു ;

(ബി) പാക്കേജ് സ്കീം നടപ്പാക്കുന്നതിനു് മുൻപു് ഈ പാടങ്ങളിൽ ഏക്കറിനു് ശരാശരി എത്ര വിളവു കിട്ടിയിരുന്നു ; ഇപ്പോഴത്തെ വിളവെത്ര ;

(സി) പാക്കേജ് സ്കീമിന്റെ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിനു് കൃഷിക്കാർ വിമുഖരാണോ ; ആണെങ്കിൽ അതിനുള്ള പരിഹാരമാർഗ്ഗം എന്താണു് ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) (1) വിരിപ്പു് 17,071 58 ഏക്കർ
മുണ്ടകൻ 15,807 70 ,,
പുഞ്ച 60,703 45 ,,

(2) വിവരങ്ങൾ അടങ്ങിയ † ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) (1) വിരിപ്പു് ഏക്കറൊന്നിനു് 735 കിലോഗ്രാം
മുണ്ടകൻ ,, 888 ,,
പുഞ്ച ,, 1,070 ,,

(2) വിരിപ്പു് ഏക്കറൊന്നിനു് 988 കിലോഗ്രാം
മുണ്ടകൻ ,, 1106 ,,
പുഞ്ച ,, 1247 ,,

† Appendix XI.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിരുപ്പുകൃഷിക്കും, മുണ്ടകൻ കൃഷിക്കും കാലാവസ്ഥയുടെ പ്രതികൂലം കാരണം ഫാം പ്രൊഡക്ഷൻ പ്ലാൻ അനുസരിച്ച് കൃഷിയിറക്കാൻ കൃഷിക്കാർ വിമുഖരായിരിക്കുന്നു. പുഞ്ച കൃഷിക്ക് മിക്കവാറും എല്ലാ കൃഷിക്കാരും ഡിപ്പാർട്ടുമെന്റിന്റെ ശുപാർശ സ്വീകരിക്കാറുണ്ട്.

ക്ഷയരോഗികൾക്ക് സാമ്പത്തികസഹായം

* 232. [24] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ക്ഷയരോഗികൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുള്ള പരിപാടിക്ക് ഈ സാമ്പത്തികവർഷം നീക്കിവച്ചിട്ടുള്ള തുക എത്ര ;

(ബി) ഇതനുസരിച്ച് എത്ര ക്ഷയരോഗികൾക്ക് ഈ വർഷം സാമ്പത്തികസഹായം നൽകി ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) രണ്ടുലക്ഷം രൂപ.

(ബി) ചിലർക്ക് സാമ്പത്തികസഹായം അനുവദിച്ചുകഴിഞ്ഞു. തുക നൽകാൻ നടപടികൾ ത്വരിതഗതിയിൽ എടുത്തുവരുന്നു.

പുതിയ ഡിസ്പെൻസറികൾ

* 233. [25] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പുതിയതായി ഗവണ്മെന്റ് ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ ഇപ്പോഴുള്ള ഗവണ്മെന്റ് ഡിസ്പെൻസറികൾക്ക് പ്രയോജനമില്ലാതെ കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) കോട്ടയം ഡിസ്ട്രിക്ടിലെ എരുമേലി, കാളകെട്ടി, കൂട്ടിക്കൽ, പെരുവ, കല്ലാർ, വണ്ടന്മേട്, ശാന്തമ്പാറ ഈ മൈവീക്കിലി ഡിസ്പെൻസറികൾ എത്രയും വേഗം ഗവണ്മെന്റ് ഡിസ്പെൻസറികൾ ആക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) പുതിയതായി ഡിസ്പെൻസറികൾ ഓരോ ഡിസ്ട്രിക്ടിലേക്കും അനുവദിക്കുമ്പോൾ സ്ഥലനിർണ്ണയം ചെയ്യുന്നത് ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കൗൺസിലാണ്. അപ്പോൾ മൈവീക്കിലി ഡിസ്പെൻസറികൾ റഗുലർ ആക്കുന്ന കാര്യം കൗൺസിലിൽ പരിഗണിക്കാവുന്നതാണ്,

(ബി) എരുമേലിയിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ തുറക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതു തുറക്കുമ്പോൾ നിലവിലുള്ള മൈവീക്കിലി ഡിസ്പെൻസറി നിറുത്തലാക്കുന്നതാണ്. കൂട്ടിക്കൽ, പെരുവ, വണ്ടന്മേട് എന്നീ മൈവീക്കിലിഡിസ്പെൻസറികൾ റഗുലർ ആക്കുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ട്. കാളകെട്ടി, കല്ലാർ, ശാന്തമ്പാറ എന്നിവ എത്രയും വേഗം ഡിസ്പെൻസറികളാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

റേഡിയോഗ്രാഫർ തസ്തിക

* 234. [30] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോഗ്രാഫേഴ്സ് ട്രെയിനിംഗ് കോഴ്സിനുവേണ്ടി സി. ആർ. എ. ഒരു റേഡിയോഗ്രാഫറിന്റെ തസ്തിക ഗവണ്മെന്റ് സൃഷ്ടിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX XI

[Please see answer to Starred Question No. 231 (22)]

ഏതെല്ലാം വില്ലേജുകളിലാണ് ഈ പാടങ്ങൾ സ്ഥിതിചെയ്യുന്നത്?

അമ്പലപ്പുഴ	ചിങ്ങോലി
പുറക്കാട്	പള്ളിപ്പാട്
തുറവൂർ	വീയപുരം
അരൂർ	വെളിയനാട്
ഭരണിക്കാവ്	മുട്ടാർ
ചേപ്പാട്	തോട്ടപ്പുഴശ്ശേരി
പത്തിയൂർ	കുന്നന്താനം
മുളക്കുഴ	കോടാങ്ങൽ
പുലിംകുന്ന്	കടപ്രകിഴക്കുംഭാഗം
ചേന്നങ്കരി	പെരിങ്ങര
നിലംപേരൂർ	നെടുംപ്രം
കോയീപ്രം	കുറൂർ
പുറമറ്റം	തിരുവൻവണ്ടൂർ
ഇരവിപേരൂർ	മാന്നാർ
എഴുപുന്ന	ബുധനൂർ
മല്ലപ്പള്ളി	ചെനിത്തല
കുവിയൂർ	തുപ്പെരുന്തറ
കല്ലൂപ്പാറ	ചെട്ടികുളങ്ങര
പന്തളം തെക്കേക്കര	അഴക്കര പേത്തല തെക്കുമുറി
പാലമേൽ	നെടുമുടി
ചെറുതന	ചമ്പക്കുളം
കുരുവാറ	തകഴി
കുമരപുരം	കോഴിമുക്ക്

3. എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു?

(1) ഓരോകൃഷിക്കാരനുംവേണ്ടി ഫാം പ്രൊഡക്ഷൻ പ്ലാൻ തയ്യാറാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ കൃഷിച്ചെലവിന് ആവശ്യമായ തുകയും, വിത്തു്, വളം മുതലായ ഉൽപ്പാദനസാമഗ്രികളും, ഹ്രസ്വകാലവായ്പയായി സഹകരണസംഘംവഴി കൊടുത്തും വരുന്നു.

(2) വിത്തു്, വളം, കീടനാശിനി ഉപകരണങ്ങൾ മുതലായവ തക്കസമയത്തു് ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ടു്.

(3) ഉദ്യോഗസ്ഥന്മാർക്കും, അനുദ്യോഗസ്ഥന്മാർക്കും ആവശ്യമായ ടെയിനിംഗ് ഡിസ്ട്രിക്ടു് അടിസ്ഥാനത്തിലും, ബ്ലാക്കടിസ്ഥാനത്തിലും, സർവീസു് സഹകരണസംഘം അടിസ്ഥാനത്തിലും, കൊടുത്തുവരുന്നു.

(4) ഒരു പ്രത്യേക ഇൻഫർമേഷൻ വിഭാഗം സംഘടിപ്പിക്കുകയും, പുതിയ അറിവുകൾ സിനിമാ, ടേപ്പു് റിക്കാർഡു്, റേഡിയോ, ബുള്ളറ്റിൻ, പത്രങ്ങൾ മുതലായ ഉപാധികൾ മുഖേന കൃഷിക്കാരനെ അറിയിക്കുകയും ചെയ്യുന്നുണ്ടു്.

(5) എല്ലാ പ്രധാന വിളവുകൾക്കും ഡെമോൺസ്ട്രേഷൻ സംഘടിപ്പിക്കുകയും, ആധുനികകൃഷിരീതികൾ സ്വീകരിച്ചാലുണ്ടാകുന്ന ഗുണങ്ങൾ, കൃഷിക്കാരനെ പറഞ്ഞു് മനസ്സിലാക്കുകയും ചെയ്യുന്നുണ്ടു്.

(6) വിത്തു്, വളം മുതലായവ ശേഖരിക്കുന്നതിനും, ഉദ്ദിഷ്ടസ്ഥാനത്തു് കൊണ്ടുപോകുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly